# ജി വി എച്ച് എസ് എസ്
# താമരശ്ശേരി



റവന്യൂ ജില്ല

കോഴിക്കോട്

വിദ്യാഭ്യാസ ജില്ല

താമരശ്ശേരി

പ്രധാനാധ്യാപക

ഗീതാമണി ടീച്ചർ

**ആമുഖം**

**പശ്ചിമഘട്ടത്തിന്റെ  ഛായാതലത്തിൽ പഴശ്ശിയുടെ രക്തം വീണ നനഞ്ഞ വയനാട്ടിലേക്കും  അതുവഴി പൈതൃകമേറെപ്പെറ്റ തെന്നിന്ത്യയിലേക്കും കരുതലിന്റെ, കരുണയുടെ, കവാടമായി ദേശീയ പാതയോരത്ത് സ്ഥിതിച്ചെയ്യുന്ന താമരശേരിയിൽ,**




കാപ്പാട്   മുതൽ ഇരുവിഴിഞ്ഞി വരെ സംസ്ഥാനപ്പതയെ കൂട്ടിയിണക്കുന്ന
ചരിത്രഭൂമിയുടെ കേന്ദ്ര ബിന്ദുവായ താമരശ്ശേരിയിൽ, ഷഷ്ടി പൂർത്തിയുടെ
കഷ്ടതകൾക്കിപ്പുറവും കാലാനുസൃതാമായ
നവതാരുണ്യം  വാരിച്ചൂടിയ ഒരു സ്ഥാപനമുണ്ട് --അറിവിന്റെ  വിശ്വ കവാടം
അറിവാർത്ഥികൾക്ക് മുമ്പിൽ തുറന്ന പൊരുളിന്റെ അകക്കണ്ണുള്ള
ഗുരുചേതനയുടെ ഒരു മന്ദിരം -- അതാണ് ഗവണ്മെന്റ് വോക്കേഷണൽ
ഹയർ സെക്കണ്ടറി സ്കൂൾ താമരശ്ശേരി....

# AN ANTHOLOGY OF POEMS

## DIGITAL MAGAZINE

# മഴയുടെ മധുര നാദം !



എന്നും എന്റെ മിഴികളിൽ
അതൊരു മനോഹര കാഴ്ചയായി
എന്നും എന്റെ കാതുകളിൽ
മധുര നാദമായ്
എന്റെ ഓർമകളിൽ അതൊരു
കുളിർമയേകുന്നതായ്
എന്നും അവർ വരുന്നു
മഴ മഴയറിയാതെ എന്നെ
സന്തോഷവതിയാകുന്നു
മഴുടെ ആ കാഴ്ചയിൽ ഞാൻ
മഴയറിയാതെ അലിഞ്ഞു ചേരുന്നു
ഒരു മഴത്തുള്ളിയായ്.
മഴയുടെ ശബ്ദം എന്റെ കാതുകളിലേക്ക്
പതിക്കുമ്പോൾ
ഞാനറിയാതെ എന്റെ പഴയ ഓർമ്മകളിലേക്ക്
തിരിഞ്ഞുനടക്കുന്നു
മഴ ഒരു ദിവസം വരാതിരുന്നാൽ
എന്റെ മനസ്സൊന്നു പിടയും
മഴത്തുള്ളികൾ മണ്ണിലേക്ക് അലിയുമ്പോൾ
മണ്ണിന്റെ സുഗന്ധം വാക്കുകളിലൊതുങ്ങില്ല
മഴ, മഴയറിയാതെ പ്രകൃതിയിലെ
സർവ്വ ജീവജാലങ്ങളെ ആഹ്ലാദിപ്പിക്കുന്നു
ഇടിയുടേയും മിന്നലിന്റെയും മുഴക്കം
കേൾക്കുമ്പോൾ
ഞാൻ അവന്റെ വരവിനായ് കാത്തിരിക്കും
മഴ , മഴയറിയാതെ പ്രകൃതിയെ
മനോഹരമാക്കുന്നു!

# നിഴൽ രൂപങ്ങൾ മിഴി തുറക്കുമ്പോൾ



ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്
പോകുന്നതാണ്നിഴൽ രൂപങ്ങൾ
മിഴിതുറന്നു ഒരു മനുഷ്യൻ ലഹരിയിൽ
നിന്നു അയാൾ ഒരു നല്ല
ജീവിതത്തിലേക്കുള്ള മുന്നേറ്റമാണ്.
നിഴൽ രൂപങ്ങൾ മിഴിതുറക്കുന്നു .
തന്റെ ജീവിതം പാഴായി പോയിയന്ന്
അയാൾ ചിജന്തിക്കുമ്പോൾ അയാളെ നല്ല
ചിന്തയിലെ നയിക്കുന്ന അള്ളാണ്
അയാളുടെ ശെരിക്കതെ നിഴൽ രൂപങ്ങളാണ്.
അയാളുടെ മനസ്സ്.
ഒരാളുടെ സുഹൃത്ത് നേർ വഴിലൂടെ അല്ലെങ്കിൽ
പോകുന്നത് ആ സുഹൃത്തിനെ പറന്നു തിരുത്തി.
ആ സുഹൃത്ത് പിന്നെയും ആ തെറ്റ് തെന്നെ
ചെയുകയാണങ്കിൽ
ആ സുഹൃത്തിനെ അപ്പോൾ തെന്നെ പിരിയുക.
ഒരു കാലത്ത് വഴിലൂടെ
പോകുമ്പോൾ ഒരു ചെട്ടൻ ലഹരിമൂത്ത് നിൽക്കുമ്പോൾ.
ആ ചേട്ടന്റെ സുഹൃത്ത് ആ ചേട്ടനോട് ചോതിച്ചു.
നീ എന്തിനാ ഇങ്ങനെ പണി ഇല്ലാണ്ട്നിൽക്കുന്നത്.
നമുക്ക് നല്ലവോണം പഠിച്ചിട്ട് ഒരു നല്ല ഭാവി ഉണ്ടാക്കിളുടെ
നിഴൽ രൂപങ്ങൾ മിഴിതുറക്കുന്നു....

# ഒളിച്ചുവയ്ക്കാൻ കഴിയുമോ?

നീ എന്ന കടലാസിൽ എനിക്കെന്ത്
ഒളിച്ചുവയ്ക്കാൻകഴിയും
എൻ വികാരസ്നിഗ്ധങ്ങളേയോ?
എനിക്കറിയില്ല,

നീ അറിയാതെ എനിക്ക് എന്റെ
ഓർമ്മകളെ മറയ്ക്കാൻകഴിയുമോ?
നീ എന്നിൽ അലിഞ്ഞു
ചേർന്നവളല്ലേ.....
നിന്നെ ഏവരും മഴയന്നാണല്ലോ-

പേര് ചൊല്ലി
വിളിക്കുന്നത്
നീ എനിക്ക് മറ്റെന്തെല്ലാമോ
ആണ്
ദുഃഖ ങ്ങളേയും
ആനന്ദത്തേയും
അയവിറക്കുന്ന എന്റെ
സ്വന്തം,
നിന്നോട് എന്താണ്
എനിക്കൊളിച്ചുവയ്ക്കാ
നുള്ളത്? നീ എന്നിലെ എന്നെത്തന്നെ
പുറത്ത്കൊണ്ടുവരുന്ന ഒരു കളങ്കവും
ഇല്ലാതെ, നീ എന്റെ ആത്മാവിലലിഞ്ഞു-
ചേർന്നവളല്ലേ, എനിക്ക് നിന്നിൽ നിന്ന്
ഒളിച്ചുവയ്ക്കാൻ കഴിയുമോ?

# സ്നേഹം

ഉരുകി, രാത്രിയോട് രാഗങ്ങൾ പാടുന്ന
പാഞ്ഞൊഴുകുന്ന ഒരരുവിയകുക
അധ്യനികമായ ഹൃദയം മൃദുലതയുടെ
വേദനയറിയുക
സ്നേഹെത്തക്കുറിച്ചുള്ള നിങ്ങളുടെ
സ്വന്തം ധാരണയാൽ മുറിവേലക്കുക
അങ്ങന്നെ പൂർണ്ണ മുറിവേലക്കുക
ഹൽഷവായ്പോട



# സമയം

മുമ്പൊക്കെ നിഴലിൻ നീലളത്തിലും ....
പിന്നീട് നാഴികമണിയു സൂചിയിലും ....
നാഡീധമനികളുടെ മിടിപ്പിലും
തിരിച്ചുവരവില്ലായെന്ന് ധ്വനിപ്പിച്ച്  കൊണ്ട്

കുതിച്ചു പായുന്നു ഈ കാലവാഹിനി ....
ലോകത്തെ  റീഫ്രെഷ്  ചെയ്യുന്ന
ട്രാഫിക്ക്  ജാമിൽ പെടാത്ത യാത്രക്കാരൻ....
എന്നിട്ടുമതിനെ ഇണക്കത്തിലാക്കാൻ
വരുതിയിൽ നിർത്താൻ,
നെട്ടോട്ടമോടുകയാണ് മനുഷ്യൻ....!



# ഫേസ്ബുക്ക്

വീടിന് മുന്നിലെ വാഹനാപകടം

ഫേസ്ബുക്കിലൂടെയാണറിഞ്ഞത്.

കഷ്ടം.....

വൈകിപ്പോയി...

ലൈവാകട്ടിയില്ല.

ഏറെ ലൈക്ക്

കിട്ടുമായിരുന്നു..



# യാത്രമൊഴി

വിടരാതടർന്നൊരെൻ പ്രണയമോടേ
വിതുമ്പി തളരാതെ യാത്രയാകൂ
കനൽ പോലെയെരിയുമെൻ ഓർമ്മകൾ
നോവിറെ കഥകളിയാടുന്നൊരീ വേളയിൽ
നിന്നിലെ മിഴികളിൽ മെല്ലെ തുളുമ്പുന്ന
മന്ദസ്മിതത്തിലേക്കലിയുവാനായ്
അനുരാഗ സന്ധ്യകൾ പൂക്കില്ലൊരിക്കലും
എന്നുള്ളിലാരോ നിലവിളിച്ചും



# സ്വന്തം



സ്വന്തമെന്നു ഞാൻ കരുതിയതെല്ലാം
ഇന്നെനിക്ക് അന്യമായ് തീർന്നു...
കാലം തിരിയുന്ന വേളയിൽ
കാണുന്നതെല്ലാം
എന്റേതെന്ന് ഞാൻ അഹങ്കരിച്ചു...
ബാല്യത്തിൽ കിട്ടിയ കളികോപ്പുകളും
യൗവ്വനത്തിലെ കിനാക്കളുമെല്ലാം
എന്റെ മാത്രമെന്നു നിനച്ചു ഞാൻ.
ഒറ്റപ്പെട്ടുമീ വഴിത്താരയിൽ
കൊണ്ടുവന്നില്ല ഒന്നുമേ
വൈകിയ വേളയിൽ ഞാനറിഞ്ഞു
എനിക്കു സ്വന്തം ഞാൻ മാത്രം.

# പറയാതെ വയ്യ....!

അക്രമിച്ചിട്ടില്ല ഞാൻ നിന്നെ
എൻ ദേഹം നോവും വരെ,
എന്റെ വന്യത പകർത്താനായ്
അതിക്രമിച്ചു കയറിയതു നിങ്ങളാണ്,
ഞാനൊരു വന്യ ജീവി
വിശക്കുമ്പോഴും, സ്വയം രക്ഷിക്കും,
മാത്രം വേട്ടയാടുന്നവൻ
പക്ഷെ നിങ്ങളോ...?

മൃഗമായ ഞാൻ കാണിച്ച രീതി പോലും,
നിങ്ങൾക്കുണ്ടായിരുന്നോ....?
പ്രാണനു വേണ്ടി കരഞ്ഞവന്റെ
മുഖം പകർത്താൻ ആരാദ്യമാരാദ്യമെന്നു
മൽസരമായിരുന്നു ഞാൻ കണ്ടത്
എനിക്കു മുമ്പിൽ പെട്ടത്
എന്റെ ഇരയാണ്, എങ്കിലും
ഒരു തൊഴു കൈ നിങ്ങൾ
കണ്ടില്ലെങ്കിലും ഞാൻ കണ്ടു.
പക്ഷെ നിങ്ങൾക്ക് വേണ്ടാത്തവനെ
എനിക്കേന്തിന്.....?




ഞാൻ കുടിച്ചു കുടഞ്ഞതു നിങ്ങൾ
ഓരോരുത്തരുടേയും മനസാക്ഷിയാണെന്ന്
വർഗബോധമില്ലാത്ത നിങ്ങളേക്കാൾ,
എന്തു കൊണ്ടും നീതിമാൻ ഞാൻ തന്നെ....

# ബാല്യം

എവിടെയോ ഒരു രാപകക്ഷി തേങ്ങയോ.....
ഓർത്തു ഞാനെൻ ബാല്യകാലം
മനസ്സിനെന്നും കുളിരേകും വർണകാലം
ഒരു കുടക്കീഴിൽ അന്നു നാം പോയ
കിന്നാരപ്പാതയും ജീവനറ്റു

എൻകളിത്തോഴനെങ്ങോ മറഞ്ഞു
തേനൂറും ഓർമകൾ സമ്മാനിച്ചവൻ
ചക്കരമാവുമിന്നോർമയായി



# ഞാൻ

ജീവിത വീതിയിൽ ഞാനൊറ്റക്കായിരുന്നു
ഓർമകൾക്ക് മരണമില്ലാന്നാണ്
കേട്ടുകേൾവി
ദ്രവിച്ച ഓർമകൾ
എന്നെ വേട്ടയാടുന്നു
പതിയെ എംൻറ ആത്മാവിനെ-
അവ ചുറ്റിവരിയുന്നു......



# പണപ്രയാണം

പണം പ്രാണനായ്
മനുഷ്യന്റെ ജീവനായ്......
ലോകം ഭരിക്കും അധിപനായ്
തുലാഭാരത്തിൻ മൂല്യമായ്.......

പണം പ്രണയമായ് പകയായ് പ്രപഞ്ചമായ്
പലവിധമുലകിൽ തട്ടുമൊരു ബ്രഹ്മാസ്ത്രമായ്
പ്രപഞ്ചസ്രോതസിന് പാത്രത്തിലെ
പ്രധാന വിഭവമായ്......

മനുഷ്യനോ പണത്തിൻ പാത്രത്തിൽ
വെറുമൊരുപുഴുവായ്...............



# പ്രകൃതിയുടെ പ്രതികാരം

പ്രകൃതിയുടെ പ്രതികാരമോ ഇത്
അതോ മനുഷ്യൻ നശിപ്പിച്ച പ്രകൃതിയുടെ
കണ്ണിലെരിയുന്ന തീയിതോ.......
ഇനി രക്ഷയില്ല പ്രകൃതിതൻ
കണ്ണിലെരിയും
തീച്ചൂളയിൽ വെന്തുരുകുക തന്നെ മോക്ഷം

ദൈവമാം പ്രകൃതിയെ ദ്രോഹിച്ച ദുഷ്ടാ...
അലയൂ..അലയൂ..ഇനി
മോക്ഷത്തിനായലയൂ..
ഇനിയെങ്കിലും മനുഷ്യനായ് മകനായ്
പ്രകൃതിയോടിണങ്ങി ജീവിക്കൂ..



## കൂട്ടുകാരൻ

കൂട്ടുകൂടാനായെന്റെ
കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റക്കിളി.....
കാറ്റിനോടു കഥ മെനഞ്ഞതും
കടലിനോടു കളി പറഞ്ഞും
കണ്ണാരം പൊത്തിക്കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചിചിലച്ചും
കിളിക്കുട്ടിലൊന്നെ കുളിരറിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കനിവാമെന്റെ
കരളിന്റെ കരളായ
കളിക്കൂട്ടുകാരൻ.......



# അലക്കുകല്ല്

എനിക്കും നിനക്കും ഓർമ്മയില്ലെങ്കിലും,
കാലങ്ങളായി-
അതവിടെതന്നെയുണ്ടായിരുന്നു.
ജീവിതം മുഴുവൻ അലക്കി വെളുപ്പിച്ച-
അമ്മത്തലമുറകളുടെ ഓർമ്മ....
മൗനത്തന്റെ ചെകിട്ടത്ത് ആഞ്ഞടിച്ചിട്ടുണ്ട്
ഒന്നല്ല പല തവണ.....
നിന്റപ്പനെന്നെ തെറിവാക്കിനെ അവർ(ൾ)
വക്കിലുരച്ചു മൂർച്ചപ്പെടുത്തിയിട്ടുണ്ട് പലവുരു....
അത്,
തെറിവാക്കുകളുടെ ഗന്ധകമണമുള്ള ഒന്ന്....
അടിച്ചലക്കലിൽ കല്ലു പോലൊരു ഹൃദയം-
പിന്നിവെളുത്തു പോയിട്ടുണ്ട്
'ഇത്ര  കാലമായിട്ടും അമ്മയ്ക്കലക്കാനെന്താണിത്ര'
എന്ന ചോദ്യത്തെ ചെകിടോർമ്മകൾ പൂരിപ്പിച്ചു കളയുന്നു..
പഴയവീടും കുളിപ്പുരയും പുതുക്കിപ്പണിതപ്പോഴും
ചുറ്റുമതിലിന് പുറത്ത്
തൊടാനറച്ച്,പിഴുതെറിയാൻ ഭാരിച്ച്,
തെറിച്ച ഒരു പല്ലു പോലെ.....
പഴയ മൂർച്ചയില്ലെങ്കിലും
ഒരായുസ്സിന്റെ വിഴുപ്പലക്കാൻ ഇപ്പോഴും.....
ഒന്നോർത്ത് നോക്ക്....നമ്മടമ്മയ്ക്കും
അലക്കുകല്ലിന്റെ മണമായിരുന്നു....



# സുഹൃത്ത്

ഹൃദയത്തിൽ താളിലായ്
അവൾ തന്നൊരോർമ്മകൾ
എഴുതിയ കുളിർമയേകി,

പ്രകാശത്തിൻ കിരണങ്ങളേന്തി,
എൻ ജീവിതയാത്രയിൽ,
ദുഃഖത്തിൻ ഭാണ്ഡമേന്തിയ നിഴലുകളെ നശിപ്പിച്ച
രോഷമല്ല സ്നേഹമാണവൾ
ദുഃഖമല്ല സന്തോഷമാണവൾ...

അഗാധ ദുഖങ്ങളിൽ കണ്ണീർ പൊഴിക്കുമ്പോൾ,
സ്നേഹത്തിൻ കുഞ്ഞിളം കാറ്റെന്ന പോൽ തലോടുമവൾ
കല്ലല്ലിരുമ്പല്ല തന്വിയാണവൾ...
മറക്കില്ലൊരിക്കലും അവളെ ഞാൻ
മൃതി വന്നെത്തുവോളം...



# മറവി

നിശാസഞ്ചാരിയായ ഒരു...
കുളിർതെന്നൽ അവളുടെ
മിഴിയിണകളെ മെല്ലെ തഴുകി
സ്വപ്നത്തിൽ നീണ്ടുണർന്നവൾ..
പതിയെ ആ സ്വപ്നത്തെ
ഓർത്തെടുക്കാൻ ശ്രമിച്ചു....
കഴിയുന്നില്ല...
അതെ അവൾക്കും മറവി ബാധിച്ചിരിക്കുന്നു.



# പുതുമഴ

തളിരിന്നൊരുണർവായി
പുതുവർഷമേ.....
തളിരിന്നു കുളിരായി നീയെന്നു....
മാശ്വാസ നിസ്വാർത്ഥ സ്നേഹപ്രവാഹമായി
ഇലകളിലാടിത്തിമർത്താഘോഷമായി
നിന്നൊപ്പമോടിക്കളിയും കുസൃതിയും
പൂക്കൾ വിരിയുമാചില്ലയും ചെടികളും
നിൻ കണങ്ങളെൻ മിഴിത്തുമ്പിൽ
തെളിനീരായി കഴുകിടുന്നു പാപക്കറകൾ
നിൻ സ്പർശനമേറ്റാ-
മൺതരികളിൽ
പുതുനാമ്പിൻ തളിർകണങ്ങൾ
തളിരിട്ടെൻ ഹൃദയ വിശാലതകളിൽ
എന്നെന്നുമെന്നെന്നും പുതുവർഷപ്പുലരിയായ്
അരുവികൾക്കാനന്ദ തേൻമഴയായ്
കൊതിയൂറുമാന്ദോളനസംഗീതസാന്ദ്രമായ്
തോരാതെ പെയ്തിടട്ടെയിനിയുമീ-
ത്താഴ് വാരങ്ങളിൽ
തോരാതെ പെയ്തിടട്ടെയിനിയുമീ-
ത്താഴ് വാരങ്ങളിൽ

## പുഴയാണ് ദാനം

മാലയായൊഴുകുന്ന പുഴയുടെ തീരത്ത്
മനുഷ്യവർഗം കൊയ്തൊടുക്കി....
വിഷം,ചവറ്,മലിനജലം
വിഷമൊഴുകിയൊഴുകി

സസ്യജീവജാലങ്ങൾ
ചത്തൊടുങ്ങി!!!!!
ദുരിതമാം പുഴയുടെ ജീവിതം
വെയിലിൽ വേനലിൽ ഒഴുകിപ്പോയി

അറിഞ്ഞു മനുഷ്യർ ക്രൂരഹൃദയർ
പുഴയിലെ മലിനജലം സ്വയം കുടിക്കു നീ
ദാനമാം പുഴയേ നീ വിലയ്ക്കു വാങ്ങി നീ
മനുഷ്യാ....നിനക്കു ദുരിദം

പുഴയുടെ ജീവിതം വിലയ്ക്കു കൊടുത്തു നീ....
അറിയുമോ നീ അന്നൊരു നാൾ ഈ പുഴയിൽ കളിച്ച്
കണ്ണിച്ചോരയുണ്ടെങ്കിൽ എൻ പുഴയേ തിരിഞ്ഞു നോക്കൂ......
പുഴ നിന്റെ ജീവൻ ജീവിതം വേനലിൽ നീ ഓർക്കും

നിൻ കളിക്കൂട്ടുകാരനാ ഈ പുഴയേ
പുഴ ചൊല്ലുന്നു......
ഞാൻ ദാനമാണ്,അന്തകനല്ല,ദുഷ്ടനല്ല,നാശവുമല്ലേയല്ല
ജീവനാണ്,ശ്വാസമാണ് ആദ്യതുള്ളിയാണ് നിന്റെ

കണ്ണിൽ പൂക്കൾ കാണുന്നില്ലേ......
പൂക്കൾ ചെടിയിൽ വിരിയുന്നതിന് മുമ്പ് ഒരു
കുഞ്ഞുമൊട്ട് നിന്നെപ്പോലെ വെള്ളം ലഭിച്ചു
എന്നിൽനിന്ന് ഇന്നുമാപ്പു നിലനിൽക്കുന്നു
പുഴകൾ ദാനം ഓർക്കു മനുഷ്യാ......

# നൊമ്പരം

വീട്ടിൽ പറമ്പിലും കളിച്ച വളർന്ന
കാലമോർക്കുമ്പോൾ
ഓർമ്മതൻ വീഥിയിൽ
കുളിർക്കാറ്റായി വരുമ്പോൾ
തൊടിയിൽ എപ്പൊഴും ഇരുൾ
പരക്കുമ്പോൾ
വഴിയിലെങ്ങുമീ ചപല മാനസം
വഴി മുടക്കുമ്പോൾ
എനിക്ക് പഥ്യമീ കുരുന്നുപൂക്കൾ
തൻ സുദര ദൃശ്യങ്ങൾ
നഗര പരിഷ്കാരത്താൽ ഗാമീണതയുടെ
മങ്ങലുകളിലും
എനിക്ക് പഥം കുട്ടിക്കാലത്തെ
തുമ്പിയും പൂല്ലെണ്ണയും പൊന്നാമയും
കരളിലെപ്പൊഴും കനലെരിയുമ്പോൾ
എനിക്ക് പഥ്യമീ നറുനിലാവിൽ പൂച്ചിരി
ഞാനറിയുന്നു കൊച്ചുപൂക്കൾ തൻ
സ്നേഹനൊമ്പരം



# അമ്മ



ഒരു നിലവിളക്കുപോലകതാരിലെപ്പോഴും
തെളിയുന്നൊരുരോർമ്മയാണമ്മ.
ഒരു കണിക്കൊന്നപോൽ,ഓർമ്മതൻ ചിലയിൽ
പുഞ്ചിരിപൊഴിക്കയാണമ്മ.
ഒരു നിലവിളക്കുപോലകതാലിലെപ്പൊഴും
തെളിയുന്നുരോർമ്മയാണമ്മ.
ഒരു കണിക്കൊന്നുപോൽ,
ഓർമ്മതൻ ചിലയിൽ
പുഞ്ചിരിപൊഴിക്കയാണമ്മ.

THANK YOU……